**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2127** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കുടുംബങ്ങൾക്ക് വിവാഹ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മുഖാന്തിരം എത്ര പേർക്കാണ് വിവാഹ ധനസഹായം നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം 44661 പേർക്ക് 298,65,85,000/- രൂപയും (ഇരുന്നൂറ്റി തൊണ്ണൂറ്റിയെട്ട് കോടി അറുപത്തിയഞ്ച് ലക്ഷത്തി എൺപത്തയ്യായിരം രൂപ മാത്രം) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം 1533 പേർക്ക് 11,83,90,000/-രൂപയും (പതിനൊന്ന് കോടി എൺപത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) വിവാഹ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പട്ടികജാതി കുടുംബങ്ങൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായമായി 75,000/-രൂപ അനുവദിക്കുന്നു. വിവാഹ ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്ക് ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ച എന്നതിന്റെ സമുദായ സംഘടനയുടെ/ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം, വിവാഹ സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബ്ലോക്ക്/മുനിസിപ്പൽ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 1,00,000/-രൂപ വരെ വാർഷിക വരുമാനമുള്ളവർക്കാണ് ടി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുക. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുള്ളിൽ അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | ജില്ല | വിവാഹ ധനസഹായം ലഭിച്ച യുവതികളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|---|
| | | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
| 1 | തിരുവനന്തപുരം | 6686 | 171 | 43,97,30,000 | 1,32,50,000 |
| 2 | കൊല്ലം | 5407 | 42 | 35,92,25,000 | 35,00,000 |
| 3 | ആലപ്പുഴ | 2415 | 18 | 16,22,75,000 | 15,50,000 |
| 4 | പത്തനംതിട്ട | 2075 | 41 | 13,65,00,000 | 30,00,000 |
| 5 | കോട്ടയം | 1947 | 50 | 13,14,95,000 | 42,00,000 |
| 6 | ഇടുക്കി | 2250 | 196 | 15,24,50,000 | 1,64,40,000 |
| 7 | എറണാകുളം | 3176 | 34 | 21,27,45,000 | 31,00,000 |
| 8 | തൃശ്ശൂർ | 3947 | 38 | 26,55,00,000 | 35,00,000 |
| 9 | പാലക്കാട് | 8163 | 78 | 54,89,75,000 | 59,50,000 |
| 10 | മലപ്പുറം | 3794 | 77 | 25,41,60,000 | 55,00,000 |
| 11 | കോഴിക്കോട് | 1623 | 26 | 11,06,50,000 | 28,00,000 |
| 12 | വയനാട് | 760 | 364 | 5,19,00,000 | 2,77,50,000 |
| 13 | കണ്ണൂർ | 824 | 81 | 5,44,00,000 | 63,00,000 |
| 14 | കാസർഗോഡ് | 1594 | 317 | 10,65,80,000 | 2,15,50,000 |
| | **ആകെ** | **44661** | **1533** | **298,65,85,000** | **11,83,90,000** |

സെക്ഷൻ ഓഫീസർ